"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ചാത്തമംഗലം ഗ്രാമപഞ്ചായത്ത് - കുന്ദമംഗലം അഗസ്ത്യൻമുഴി റോഡിന് വീതി കൂട്ടുന്നതിന്റെ ഭാഗമായി ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.555/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/03/2020**

---

പരാമർശം:- അഡ്വ.പി.റ്റി.എ റഹീം എം.എൽ.എ യുടെ 27/02/2020 ലെ K65/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുന്ദമംഗലം, ചാത്തമംഗലം , മുക്കം പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന കുന്ദമംഗലം അഗസ്ത്യൻമുഴി റോഡിന് സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി വീതി കൂട്ടി ടാർ ചെയ്യുന്നതുൾപ്പെടെയുള്ള 14 കോടി രൂപയുടെ പ്രവൃത്തികൾ നടന്നു വരികയാണെന്നും, സെൻട്രൽ റോഡ് ഫണ്ടിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വ്യവസ്ഥയില്ലാത്തതിനാൽ ബന്ധപ്പെട്ട പഞ്ചായത്തുകൾ വൈദ്യുതി ബോർഡിൽ പണം അടയ്ക്കണമെന്നാണ് എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനമെന്നും, ആയതിനാൽ കെ.എസ്.ഇ. ബി തയ്യാറാക്കിയതും ചാത്തമംഗലം പഞ്ചായത്തിലെ പരിധിയിൽ വരുന്നതുമായ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ 1,95,093 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അടയ്ക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം എം.എൽ.എ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്ദമംഗലം അഗസ്ത്യൻമുഴി റോഡിന് വീതി കൂട്ടുന്നതിന്റെ ഭാഗമായി ചാത്തമംഗലം പഞ്ചായത്തിലെ പരിധിയിൽ വരുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ , കെ . എസ് . ഇ . ബി നിശ്ചയിച്ച 1,95,093/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി തൊണ്ണൂറ്റി മൂന്ന്) രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന്, പഞ്ചായത്തിന്റെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അടയ്ക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജന് സി വി ഐ .എ .എസ്
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, ചാത്തമംഗലം ഗ്രാമപഞ്ചായത്ത്

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.03.05 17:09:47 IST
Reason: Approved

സെക്ഷൻ ഓഫീസർ